പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, യുവതീയുവാക്കന്മാരേ, മാതാപിതാക്കളേ !

പരിശുദ്ധ ദൈവമാതാവിൻെറ ജനനത്തിരുന്നാളിൻെറയും തിരുവോണത്തിൻെറയും പ്രാർത്ഥനാശംസകൾ ഒരിക്കൽ കൂടി ഏവരെയും സസന്തോഷം അറിയിക്കുകയാണ്.

കുവൈറ്റിലെ മലങ്കര കൂട്ടായ്മ ദൈവമാതാവിൻെറ ജനനത്തിരുന്നാൾ, 81–ാം പുനരൈക്യവാർഷികം, 17–ാം കെ.എം.ആർ.എം വാർഷികം, തിരുവോണം ഇവ ഏറ്റം അനുഗ്രഹപ്രദമായും സമുചിതമായും ആഘോഷിച്ചു എന്ന് അതിയായ സന്തോഷത്തോടെ പ്രസ്താവിക്കട്ടെ !

പരിശുദ്ധ മോറാൻ മോർ ബസേലിയോസ് കാതോലിക്കാബാവായുടെ സാന്നിദ്ധ്യം ഈ ആഘോഷങ്ങളെ അതീവം ധന്യമാക്കിയെന്നതു വ്യക്തമാണല്ലോ. വന്ദ്യപിതാവ് വ്യക്തിപരമായി തൻെറ സന്തോഷവും സംതൃപ്തിയും അറിയിക്കുകയുണ്ടായി. അതു കൂട്ടായ്മക്കുള്ള അംഗീകാരവും അനുഗ്രഹവുമായി നമുക്കു സ്വീകരിക്കാം. ബാവാതിരുമേനിയോടുള്ള ആദരവും പുത്രീ–പുത്രസഹജമായ സ്നേഹവും ഹൃദയത്തിൽ സൂക്ഷിച്ച് തുടർന്നും നമുക്ക് പ്രവർത്തനനിരതരാകാം.

കുവൈറ്റിലെ അപ്പസ്തോലിക്ക് നുൺഷ്യോ വന്ദ്യ പേത്താർ റായിച്ചു പിതാവിൻെയും, നമ്മുടെ മെത്രാൻ കമില്ലോ ബല്ലീൻ പിതാവിൻെറയും സാന്നിദ്ധവും അനുഗ്രഹാശംസകളും മലങ്കര കൂട്ടായ്മക്ക് വളരെയേറെ ഹൃദ്യമായ അനുഭവമായിത്തീരുകയുണ്ടായി. വന്ദ്യ പിതാക്കന്മാരോടുള്ള സ്നേഹാദരവുകൾ സസന്തോഷം രേഖപ്പെടുത്തുകയാണ്.

പിതാവിൻെറ സന്ദർശനം അനുഗ്രഹപ്രദമാക്കാൻ സഹായിച്ച കുവൈറ്റ് വികാരി ജനറാൾ മാത്യു കുന്നേപ്പുരയിടം ഒ.സി.ഡി, വത്തിക്കാൻ ഡെപ്യൂട്ടി സെക്ട്ടറി മോൺസിഞ്ഞോർ യൂനസ് പോൾ, കത്തീഡ്രൽ വികാരി ഫാ.ഗാസ്പർ ഒ.എഫ്.എം., അബ്ബാസിയാ പാരിഷിലെ ഫാ. ആൽബർട്ട് ഒ.സി.ഡി., ഫാ. ആൻഡ്രൂസ് ഒ.എഫ്.എം., കത്തീഡ്രൽ പാരിഷിലെ കമ്മിറ്റി അംഗങ്ങൾ എന്നിവരോടുള്ള ഹൃദയപൂർവമായ കൃതഞ്ജ്ഞത രേഖപ്പെടുത്തുകയാണ്.

പരിശുദ്ധ ബാവാ തിരുമേനിയെ സന്ദർശിക്കുകയും ആദരിക്കുകയും ചെയ്ത കെ.എം.സി.എ, എസ്.എം.സി.എ, കെ.കെ.സി.എ എന്നീ കത്തോലിക്കാ കൂട്ടായ്മകളോടും, മലങ്കര സഭയുടെ അഭിമാനമായ മാർ ഈവാനിയോസ് കോളേജിൻെറ പൂർവവിദ്യാർത്ഥി സംഘടനയായ അമിക്കോസി നോടുമുള്ള (AMICOS, Kuwait) കൃതജ്ഞത അറിയിക്കുവാൻ ഏറെ സന്തോഷമുണ്ട്.

പരിശുദ്ധ ബാവാ തിരുമേനിയെ സന്ദർശിച്ച് ആദരവു പ്രകടിപ്പിച്ച ശ്രീ. എ. രമേശ് (Country Head, Gulf Mart Group of Super Market) ശ്രീ. അജയ് കുമാർ (General Manager, Zenith International), ശ്രീ. ഇ. ഡി. ടൈറ്റസ് (General Manager, Baharain Exchange) ശ്രീ. ജോസ് തോമസ് (Commercial Manager, Baharain Exchange), ശ്രീ. രഘുനാഥൻ നായർ ( General Manager, Al Aswar Technology Group) ശ്രീ. ജോൺ ആർട്സ്, കലാഭവൻ, വിവിധ മാധ്യമങ്ങളുടെ പ്രതിനിധികൾ –Malayala Manorama, Asia Net, Kairali, Jeevan TV, Amrtha, Jai Hind, Madhyamam Daily, Indians in Kuwait – ഇവരോടുള്ള ഹൃദയപൂർവമായ നന്ദി രേഖപ്പെടുത്തുകയാണ്.

നമ്മുടെ ആഘോഷത്തിനു വേദി തന്ന കാർമ്മെൽ സകൂൾ, ചെയ്ത്താൻ, അധികാരികളോടുള്ള നന്ദി രേഖപ്പെടുത്തുവാൻ സന്തോഷമുണ്ട്.

എട്ടു നോമ്പാചരണവും പരിശുദ്ധ ദൈവമാതാവിൻെറ ജനനത്തിരുന്നാൾ, 81ാം പുനരൈക്യവാർഷികം, 17–ാം കെ.എം.ആർ.എം വാർഷികം, തിരുവോണം ഇവയുടെ ആഘോഷവും വിജയപ്രദമാക്കിത്തീർത്തതിന് നമ്മുടെ കൂട്ടായ്മയിലെ എല്ലാ വിശ്വാസികളുടെയും സഹകരണത്തിനും ഭാഗഭാഗിത്വത്തിനുമുള്ള ഹൃദയം നിറഞ്ഞ സന്തോഷവും കൃതജ്ഞതയും ഞാൻ അറിയിക്കുകയാണ്.

മലങ്കര കൂട്ടായ്മക്കു വേണ്ടി ഈ ദിനങ്ങൾ അനുഗ്രഹപ്രദമാക്കിയതിന് നാം കടപ്പെട്ടിരിക്കുന്നത് നമുക്കു വേണ്ടി വിവിധ ശുശ്രൂഷകളും പരിപാടികളും സംഘടിപ്പിക്കുകയും ക്രമീകരിക്കുകയും ചെയ്തവരോടാണ്: കെ.എം.ആർ.എം എക്സിക്യൂട്ടീവ് അംഗങ്ങൾ, മാനേജിങ്ങ് കമ്മിറ്റി അംഗങ്ങൾ, അഡ്വൈസറി ബോർഡ് അംഗങ്ങൾ, കെ.എം.ആർ.എം ആഘോഷക്കമ്മിറ്റി അംഗങ്ങൾ, പ്രാർത്ഥനാഗ്രൂപ്പ്

കോ–ഓർഡിനേറ്റഴ്സ്, ഫ്രണ്ട്സ് ഓഫ് മേരി അംഗങ്ങൾ, യുവജ്യോതി അംഗങ്ങൾ, ലിറ്റർജി ക്ലാസ് അംഗങ്ങൾ, ബാലദീപം അംഗങ്ങൾ. കൃതജ്ഞതയുടെ ആയിരം നറുമലരുകൾ ഇവർക്കു നല്കട്ടെ !

എല്ലാവർക്കും ഒരിക്കൽ കൂടി നന്ദി, പ്രാർത്ഥനാശംസകൾ !

പുനരൈക്യത്തിന്റെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ മാദ്ധ്യസ്ഥം നമുക്ക് യാചിക്കാം.

നമുക്ക് ഒന്നു ചേർന്ന് പുനരൈക്യത്തിന്റെ സന്ദേശം ഏവർക്കും പകർന്നു നല്കാം.

പരിശുദ്ധ പരമ ത്രിത്വത്തിന്റെ സമൃദ്ധമായ അനുഗ്രഹം വ്യക്തികൾക്കും കുടുംബങ്ങൾക്കും കൂട്ടായ്മക്കും ലഭ്യമാകട്ടെ !

സ്നേഹപൂർവം

യേശുവിൽ

ഫാ. ഡോ. ജോൺ പടിപ്പുരയ്ക്കൽ